നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 മാർച്ച് വാല്യം 1
ഓൺലൈൻ വായനയ്ക്ക്
30
നവ കേരളം കർമപദ്ധതി

# വികസന പദ്ധതികൾ ജനപങ്കാളിത്തത്തോടെ : മുഖ്യമന്ത്രി





ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുത്തു പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്നതാണ് സർക്കാർ പദ്ധതികളുടെ വിജയരഹസ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ ഏഴര വർഷക്കാലത്തിലേറെയായി കേരളത്തിൽ സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ വലിയ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതികളുടെ ഫലമാണ്. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ആവിഷ്ക്കരിച്ച ഹരിതകേരളം, ലൈഫ്, ആർദ്രം, വിദ്യാകിരണം എന്നീ മിഷനുകൾ അതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ്. എറണാകുളത്ത് നടന്ന റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളുമായുള്ള മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ നാല് മിഷനുകൾക്കും പ്രാദേശികതലത്തിൽ ജനങ്ങളുടെ മനസ് കീഴടക്കാൻ കഴിഞ്ഞു. പുഴ പുനരുജ്ജീവനത്തിലും മാലിന്യ സംസ്കരണത്തിലും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലും ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ മാതൃകയാണ്. ആർദ്രം മിഷനിലൂടെ ആരോഗ്യമേഖലയിലെ രണ്ടും മൂന്നും തലമുറയിലെ പ്രശ്നങ്ങളെ വരെ അഭിമുഖീകരിക്കാൻ കേരളം തയ്യാറെടുക്കുകയാണ്. വിദ്യാകിരണം പദ്ധതിയിലൂടെ പൊതു വിദ്യാഭ്യാസരംഗം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നു. അതിന്റെ ചുവടുപിടിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്രമായി നവീകരിക്കുകയാണ്. എല്ലാവർക്കും പാർപ്പിടം ഉറപ്പാക്കിക്കൊണ്ട് ഭവനരഹിതരില്ലാത്ത കേരളമെന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ നടപ്പാക്കിവരുന്നത്. ഈ പദ്ധതി വഴി 4 ലക്ഷത്തോളം കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീട് ലഭ്യമാക്കാൻ ഇതിനോടകം കഴിഞ്ഞു. ഇതുവരെ 16 ലക്ഷത്തോളം ആളുകൾക്ക് ഈ ഭവനപദ്ധതി പ്രയോജനപ്രദമായി എന്നർത്ഥം. 5 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കാനും സാധിച്ചു. നഗരവത്ക്കരണത്തിന്റെ തോത് വർദ്ധിക്കുന്നതു കൊണ്ടുതന്നെ നമ്മൾ ഏറ്റെടുക്കേണ്ട ഒരു സുപ്രധാന വിഷയമാണ് മാലിന്യസംസ്കരണം. 2023 മാർച്ചിൽ മാലിന്യമുക്ത നവകേരളം എന്ന പേരിൽ ഒരു പ്രത്യേക കാമ്പയിൻ ആരംഭിച്ചിരുന്നു. ഈ വർഷം മാർച്ച് 31 ഓടെ ഈ കാമ്പയിന്റെ ആദ്യഘട്ടം അവസാനിക്കുകയാണ്. ഇക്കാലയളവിൽ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ലൈഫ് മിഷന് കീഴിൽ ഇതുവരെ പൂർത്തിയായത് 3,75,631 വീടുകൾ: മന്ത്രി എം.ബി. രാജേഷ്

ഏഴര വർഷം കൊണ്ട് ലൈഫ് മിഷന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 3,75,631 വീടുകൾ പൂർത്തിയായതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി വഴി നിർമ്മാണം പൂർത്തിയായ 50 വീടുകളുടെ താക്കോൽദാനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കരാർ ചെയ്തതും കൂടി ചേർക്കുമ്പോൾ 4,94,857 വീടുകളാണ് ലൈഫ് മിഷൻ വഴി യാഥാർത്ഥ്യമാകുന്നത്. മാർച്ച് മാസം കഴിയുന്നതോടെ ഇത് അഞ്ച് ലക്ഷത്തിൽ കൂടുതലാകും. ഇതുവരെ ലൈഫ് മിഷൻ പദ്ധതിക്കായി 17180 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.



# എഡിറ്റോറിയൽ

## ലോക്സഭാ തിരഞ്ഞെടുപ്പ് - 2024 : ജനാധിപത്യത്തിന്റെ ഈ ഉത്സവം നമുക്ക് ഹരിതാഭമാക്കാം



ഹരിത പെരുമാറ്റച്ചട്ടത്തിന് പ്രാധാന്യം നൽകുന്ന ജീവിതശൈലിയിലേക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഉത്സവങ്ങളിലും ആഘോഷങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിൽ ഇപ്പോൾ നാം പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ജനാധിപത്യത്തിന്റെ ഉത്സവം എന്നു വിശേഷിപ്പിക്കുന്ന പൊതു തിരഞ്ഞെടുപ്പിലും ഹരിത പെരുമാറ്റച്ചട്ട പാലനം സുപ്രധാനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നിയമസഭയിലേക്കും ലോക്സഭയിലേക്കും നടന്ന തിരഞ്ഞെടുപ്പുകളെല്ലാം ഹരിതചട്ടം പാലിച്ച് നടത്തിയ മുന്നനുഭവം നമുക്കുണ്ട്. ഇത് 2024 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിലും സമ്പൂർണ്ണമായി നടപ്പാക്കി ഹരിതചട്ടത്തിന്റെ കേരള മാതൃക നമുക്ക് നിലനിർത്തേണ്ടതുണ്ട്. കോടതി ഉത്തരവും തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവും മറ്റനുബന്ധ ഔദ്യോഗിക സംവിധാനങ്ങളുടെ നിർദ്ദേശങ്ങളുമെല്ലാം ഇതിനായി നിലവിലുണ്ട്. രാഷ്ട്രീയ പാർട്ടികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവരുടെ സഹകരണമാണ് ഹരിത തിരഞ്ഞെടുപ്പ് വിജയിപ്പിക്കുന്നതിൽ സുപ്രധാനം. പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ചും ഒറ്റത്തവണ മാത്രം ഉപയോഗിച്ച് ഉപേക്ഷിക്കുന്ന വസ്തുക്കൾ ഒഴിവാക്കിയും പ്രചാരണം നടത്തുന്നതാണ് ഹരിത തിരഞ്ഞെടുപ്പിന്റെ സുപ്രധാന ഘടകം.

ബാനറുകൾ, ബോർഡുകൾ, കൊടി തോരണങ്ങൾ, ആർച്ചുകൾ, ഹോർഡിംഗ്സുകൾ ഇവയിലൊക്കെ ഫ്ലക്സിനു പകരം കോട്ടൺ തുണി ഉപയോഗിച്ചും പ്രചാരണ, പര്യടന വേളകളിൽ ഭക്ഷണ വിതരണത്തിന് ഡിസ്പോസബിൾ വസ്തുക്കൾക്ക് പകരം പ്രകൃതി സൗഹൃദ വസ്തുക്കളോ പുനരുപയോഗ സാധ്യമായവയോ ഉപയോഗിച്ചും ഈ തിരഞ്ഞെടുപ്പിനെ നമുക്ക് ഹരിത തിരഞ്ഞെടുപ്പാക്കാം. ഹരിതകേരളം മിഷന്റെ സംസ്ഥാന ജില്ലാ ഓഫീസുകളും ബ്ലോക്കുതല റിസോഴ്സ് പേഴ്സൺമാരും ഇത് സംബന്ധിച്ച സംശയ നിവാരണത്തിനും പിന്തുണയ്ക്കും സന്നദ്ധമായിട്ടുണ്ട്.

തിരഞ്ഞെടുപ്പ് കഴിഞ്ഞാലുള്ള കാര്യങ്ങളും ഹരിത തിരഞ്ഞെടുപ്പിന്റെ ഭാഗമാകണം. ഓരോ പ്രദേശത്തെയും പ്രചാരണ വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മസേനയ്ക്ക് പുനഃചംക്രമണ പ്രവർത്തനങ്ങൾക്കായി കൈമാറണം. ഭൂമിക്കും പരിസ്ഥിതിക്കും കോട്ടം വരുന്ന യാതൊന്നും ബോധപൂർവം സൃഷ്ടിക്കാതിരിക്കേണ്ടത് നാമേവരുടേയും കടമയാണ്. അതുകൊണ്ട് കേരളത്തിലെ ലോക്സഭാ തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച് ഹരിത തിരഞ്ഞെടുപ്പായി നടത്തുന്നതിൽ നാം പ്രതിജ്ഞാബദ്ധരാകണം.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2

കുന്നുകര ഗ്രാമപഞ്ചായത്തിലെ 2017 ലെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 50 കുടുംബങ്ങൾക്കാണ് സ്ഥലം വാങ്ങി വീട് നിർമ്മിച്ചിരിക്കുന്നത്. കുന്നുകര ഗ്രാമപഞ്ചായത്ത്, കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, ശ്രീനാരായണ മെഡിക്കൽ കോളേജ് എന്നിവർ സംയുക്തമായാണ് ഭൂമി വാങ്ങിയത്. സംസ്ഥാന സർക്കാർ, ത്രിതല പഞ്ചായത്തുകൾ, ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, അർജ്ജുന നാച്ചുറൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ സഹായവും, ഹഡ്കോ വായ്പ തുകയും ഉപയോഗിച്ചാണ് ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയത്.

കല്ലോടി വീട്ടിൽ പീറ്റർ ദേവസിക്ക് താക്കോൽ കൈമാറിയാണ് ആദ്യ വീടിന്റെ താക്കോൽ ദാനം മന്ത്രി എം. ബി. രാജേഷ് നിർവഹിച്ചത്. സ്വന്തം വീട് എന്നത് ഓരോ പൗരന്റെയും അവകാശമാണെന്നും അത് ആരും അവർക്ക് നൽകുന്ന ഔദാര്യമല്ലെന്നും വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ലൈഫ് മിഷൻ പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായ 50 വീടുകളുടെ താക്കോൽദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലൈഫ് മിഷൻ വഴി നിർമ്മിച്ചു നൽകുന്ന വീടുകളിൽ സർക്കാരിന്റെയോ പദ്ധതിയുടെയോ പേര് വിവരങ്ങൾ ഒന്നും പ്രദർശിപ്പിക്കുന്നില്ല. എന്നാൽ കേന്ദ്രസർക്കാർ വീടുകളിൽ ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തണം എന്ന് പറയുന്നത് പൗരന്റെ ആത്മാഭിമാനത്തെ തടസപ്പെടുത്തുന്നതാണ്.

## ആശ്രിതരില്ലാത്ത ദമ്പതികൾ ഇനി സ്വന്തം വീടിന്റെ തണലിൽ

സ്വന്തം വീടിന്റെ തണലിൽ ഇനി അന്തിയുറങ്ങാം എന്ന ആശ്വാസത്തിലാണ് ആശ്രിതരില്ലാത്ത ദമ്പതികളായ ലിസിയും പീറ്ററും. ലൈഫ് മിഷൻ പദ്ധതി വഴി എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിലെ നോർത്ത് കുത്തിയതോടിൽ ഇവർക്ക് സ്വന്തം വീട് യാഥാർത്ഥ്യമായിരിക്കുകയാണ്. വർഷങ്ങളായി വാടക വീട്ടിലാണ് കല്ലോടി പീറ്റർ ദേവസിയും ഭാര്യ ലിസിയും താമസിക്കുന്നത്.

മക്കളില്ലാത്ത ഇവർ സുമനസ്സുകളുടെ സഹായത്തോടെയാണ് കുടുംബത്തിന്റെ നിത്യ ചെലവുകൾ കണ്ടെത്തുന്നത്.



കിടപ്പുരോഗിയായ പീറ്ററിനെ ശുശ്രൂഷിക്കേണ്ടത് കൊണ്ട് ജോലിക്ക് പോകാൻ കഴിയാതെ പ്രതിസന്ധിയിലാണ് ലിസിയും. വാടകവീട്ടിൽ നിന്നും ഇനി സ്വന്തം വീടിന്റെ സുരക്ഷിതത്തിൽ ഉറങ്ങാം എന്നത് ഏറെ സന്തോഷവും ആശ്വാസവും തരുന്നുണ്ടെന്ന് ലിസി പറഞ്ഞു.

# സംസ്ഥാനത്ത് 35 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി... ആകെ 663 കുടുംബാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമായി



നവകേരളം കർമപദ്ധതി ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 35 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 2023 ഏപ്രിൽ മാസം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത 50 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ശേഷമുള്ളവയാണിവ. സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും അധികമായി ജീവനക്കാരെ നിയമിച്ചും ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. ഇതോടെ ആകെ 663 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയത്. സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ 5415 ജനകീയാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. ഇതുകൂടാതെ നഗര പ്രദേശങ്ങളിലും 380 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കുന്നു. ഇവയെല്ലാം യാഥാർത്ഥ്യമാകുന്നതോടെ വീടിന് തൊട്ടടുത്ത് തന്നെ പ്രാഥമിക ആരോഗ്യ പരിചരണവും രോഗപ്രതിരോധവും ഉറപ്പാക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

രാവിലെ 9 മണിമുതൽ 6 മണിവരെയുള്ള ഒ.പി. സേവനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രത്യേകത. ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാമുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ ബോധവത്ക്കരണത്തിനായി ടെലിവിഷൻ, എയർപോർട്ട് ചെയർ, ദിശാബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗീ സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നു. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിക്കുന്നത്.

# പൊതു വിദ്യാഭ്യാസത്തിന്റെ സ്വീകാര്യത വർധിക്കും : മന്ത്രി മുഹമ്മദ് റിയാസ്

കേരളത്തിൽ പൊതു വിദ്യാഭ്യാസത്തിന്റെ സ്വീകാര്യത നാൾക്കുനാൾ കൂടി വരികയാണെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ്. രാമനാട്ടുകര ഗവ. യു.പി. സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി.



വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയിലും ഫലപ്രാപ്തിയിലും കേരളം കാണിക്കുന്ന കാര്യക്ഷമതയിലൂടെ പുതിയ കേരള മോഡലായി മാറുകയാണ്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കാനുള്ള കൂട്ടായ പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രമല്ല പഠനരീതിയിലും മാറ്റങ്ങൾ ഉണ്ടായി കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ സാധ്യമാകുന്നതെല്ലാം സർക്കാർ ചെയ്യുന്നുണ്ട്. ബേപ്പൂർ നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെ 27 കെട്ടിടങ്ങൾക്കായി 100 കോടി രൂപയാണ് ഈ രണ്ടര വർഷത്തിനിടയിൽ വകയിരുത്തിയതെന്നും മന്ത്രി പറഞ്ഞു.

# വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഉയർന്നത് 117 വീടുകൾ



സംസ്ഥാന സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയിൽ മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ച 117 വീടുകളുടെ താക്കോൽ കൈമാറ്റം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട വിഹിതം യഥാസമയം നൽകിയാൽ രണ്ടര വർഷം കൊണ്ട് ആറ് ലക്ഷം ഗുണഭോക്താക്കൾക്കും ലൈഫിൽ വീട് നൽകുമെന്ന് മന്ത്രി പറഞ്ഞു. ലൈഫ് ഭവനപദ്ധതിയിലൂടെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ആദ്യഘട്ടത്തിൽ 300 പേർക്കാണ് വീട് പൂർത്തിയാകുന്നത്. ചടങ്ങിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. ഷൈലജ ടീച്ചർ അധ്യക്ഷത വഹിച്ചു.

# പൂനൂർ പുഴ വീണ്ടെടുക്കൽ പ്രവർത്തനത്തിന് തുടക്കം കുറിച്ചു

കോഴിക്കോട് കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന ജല സ്രോതസായ പൂനൂർപുഴ വീണ്ടെടുക്കൽ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. സേവ് പൂനൂർ പുഴ ഫോറം, കൂരാച്ചുണ്ട് റെസ്ക്യൂ ടീം, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവരുടെ സഹകരണത്തോടെ ജനകീയ പങ്കാളിത്തത്തോടെയാണ് ശുചീകരണത്തിന് തുടക്കം കുറിച്ചത്. പുഴയിലേക്ക് വീണ മരങ്ങൾ നീക്കം ചെയ്ത് അടിഞ്ഞു കൂടിയ പ്ലാസ്റ്റിക് ഉൾപ്പെടെ മാലിന്യം ശേഖരിച്ചു പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിന്റെ ഭാഗമായാണ് ശുചീകരണത്തിനു തുടക്കം കുറിച്ചത്.




ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ ഗൗതമൻ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരിത അധ്യക്ഷത വഹിച്ച പരിപാടിയിൽ മൂന്നാം വാർഡ് മെമ്പർ സുധീഷ് സ്വാഗതം പറഞ്ഞു. സേവ് പൂനൂർപുഴ ഫോറം പ്രസിഡന്റ് രവി, ജനറൽ സെക്രട്ടറി അഡ്വ. പുഷ്പാംഗദൻ, ഹരിതകേരളം റിസോഴ്സ് പേഴ്സൺ രാജേഷ്, പ്രദേശവാസി ബിജു, വാർഡ് വികസന സമിതി കൺവീനർ മനോജ് തുടങ്ങിയവർ സംസാരിച്ചു.

ജലബജറ്റ് പ്രവർത്തനങ്ങളുടെ തുടർച്ചയായി പൂനൂർ പുഴ വീണ്ടെടുക്കൽ പ്രവർത്തനം നടത്താൻ തീരുമാനിച്ചിരുന്നു. ശുചീകരണത്തിൽ പുഴയിലേക്ക് വീണു കിടക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുകയും എകദേശം 500 ഓളം ചാക്ക് പ്ലാസ്റ്റിക് കുപ്പികൾ, തെർമോക്കോൾ, ചെരുപ്പ്, ബാഗ് എന്നിവ പുഴയിൽ നിന്നും ശേഖരിക്കുകയും ചെയ്തു. ഇവ തരം തിരിച്ച് ഹരിത കർമസേനയ്ക്കു കൈമാറും.

# ജല പരിശോധനാ ലാബ് പരിശീലനം

ഹരിതകേരളം, വിദ്യാകിരണം മിഷനുകളുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ ജല ഗുണതാ ലാബുകൾ സജ്ജമായ സ്കൂളുകളിലെ ഹയർ സെക്കൻഡറി കെമിസ്ട്രി അധ്യാപകർക്കുള്ള പരിശീലനം ചാല ഗവ. ഹൈസ്കൂളിൽ വെച്ച് നടന്നു.

ഹയർസെക്കൻഡറി വിദ്യാഭ്യാസ ജില്ലാ കോർഡിനേറ്റർ അനൂപ് കുമാർ എം.കെ. പരിപാടി ഉദ്ഘാടനം ചെയ്തു. വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ സുധീഷ് കെ.സി. അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ പദ്ധതി വിശദീകരണം നടത്തി. ഹയർസെക്കൻഡറി അധ്യാപകരായ രാജേഷ് കെ.വി, മനോജ് പി., പ്രജിത സി. എന്നിവർ ക്ലാസ്സ് കൈകാര്യം ചെയ്തു. ചാല ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ പ്രസീത ടി., ചാല ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പ്രവീൺകുമാർ കെ.പി., പിടിഎ പ്രസിഡണ്ട് എം.വി. നികേഷ് എന്നിവർ സംസാരിച്ചു.




മുഖ്യമന്ത്രിയുടെ ഫണ്ടിൽ ഉൾപ്പെടുത്തി ധർമ്മടം മണ്ഡലത്തിലെ 8 ഹയർ സെക്കൻഡറി സ്കൂളുകളിലും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത 13 ഹയർ സെക്കൻഡറി സ്കൂളുകളിലും ആണ് നിലവിൽ ലാബുകൾ സജ്ജീകരിച്ചിട്ടുള്ളത്.

# ചെറുതല്ല ചെറുധാന്യങ്ങൾ ; മണിച്ചോള കൃഷി വിളവെടുത്തു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എറണാകുളം കരുമാലൂർ FMCT ഹയർ സെക്കണ്ടറി സ്കൂളിലെ NSS വിദ്യാർത്ഥികൾ തുടങ്ങിയ ചെറുധാന്യകൃഷി വിളവെടുത്തു. ജില്ലയിലെ ഹരിതകേരളം മിഷൻ നേതൃത്വത്തിലുള്ള ചെറുധാന്യ കൃഷിയുടെ ആദ്യ വിളവെടുപ്പാണിത്. ചെറുതല്ല ചെറുധാന്യങ്ങൾ എന്ന ശീർഷകത്തിൽ ഹരിതകേരളം മിഷൻ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ചെറുധാന്യകൃഷി വ്യാപനം-കൃഷി പരിശീലനം പരിപാടിയുമായി അനുബന്ധിച്ചാണ് കരുമാലൂർ FMCT ഹയർ സെക്കണ്ടറി സ്കൂളിൽ ചെറുധാന്യകൃഷി സംഘടിപ്പിച്ചത്. നവകേരളം കർമപദ്ധതി



എറണാകുളം ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു എന്നിവർ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു. കോട്ടുവള്ളി കൃഷിഭവനിലെ മുൻ കൃഷി അസിസ്റ്റന്റ് എസ്.കെ. ഷിനു നേതൃത്വം നല്കിയ മില്ലറ്റ് കൃഷി പരിശീലനത്തോടനുബന്ധിച്ച് നവംബർ 2023 ൽ ആരംഭിച്ച മണിച്ചോളം കൃഷിയാണ് വിളവെടുത്തത്.

# 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കോർഗ്രൂപ്പ് പരിശീലനം

കാസർഗോഡ് ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലായി നടപ്പാക്കുന്ന ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തുതല കോർഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം ജില്ലാ ആസൂത്രണ സമിതി ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി ഉദ്ഘാടനം ചെയ്തു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഹരിതകേരളം മിഷൻ കാർബൺ തുലിത നിർവഹണ രൂപരേഖ തയ്യാറാക്കും. വിപുലമായ ഊർജ്ജ സംരക്ഷണ ക്ലാസ്, അംഗൻജ്യോതിയുടെ ഭാഗമായി അങ്കണവാടിതല ക്ലാസ്, ഘടകസ്ഥാപന യൂണിറ്റുകളിൽ ഊർജ്ജഓഡിറ്റ്, ഗതാഗത രംഗത്ത് ഹരിത സാരഥി ക്ലാസുകൾ, മില്ലറ്റ് കൃഷി, ശാസ്ത്രീയ കൃഷിമുറ മാതൃക തോട്ടങ്ങൾ, ജൈവദ്രവമാലിന്യ




സംസ്കരണ ഉപാധികൾ ഉപയോഗപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനം ആസൂത്രണം ചെയ്തു.

യോഗത്തിൽ അസിസ്റ്റന്റ് കലക്ടർ ദിലീപ് കെ. കൈനിക്കര ഊർജ്ജ സുരക്ഷ പ്രാധാന്യം എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. നവകേരളം ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ മോഡറേറ്ററായി.

# മില്ലറ്റ് കൃഷിക്ക് വിത്തിടൽ നടന്നു

എറണാകുളം ജില്ലയിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന മില്ലറ്റ് കൃഷിയുടെ വിത്തിടൽ ചടങ്ങിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെസ്സി സാജു നിർവഹിച്ചു.



ഒന്നേകാൽ ഏക്കർ വിസ്തൃതിയിൽ പല വാർഡുകളിൽ ആയാണ് റാഗി, മണിച്ചോളം തുടങ്ങിയ ചെറു ധാന്യങ്ങളുടെ കൃഷി നടപ്പിലാക്കുന്നത്.

ചടങ്ങിൽ കൃഷി ഓഫീസർ, വാർഡ് മെമ്പർമാർ, കർഷക കൂട്ടായ്മ അംഗങ്ങൾ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരായ സൂര്യ വി.എസ്., ജൂലിയ വി. ദേവസ്യ തുടങ്ങിയവർ പങ്കെടുത്തു.

# ഹരിത കർമസേനയ്ക്ക് ട്രോളിയും സോർട്ടിംഗ് ടേബിളും കൈമാറി

മുരിയാട് ഗ്രാമപഞ്ചായത്ത് രണ്ടാം നൂറ് ദിന പരിപാടിയുടെ ഭാഗമായി ഹരിത കർമസേനയ്ക്ക് ട്രോളിയും സോർട്ടിംഗ് ടേബിളും കൈമാറി. പഞ്ചായത്ത് ഓഫീസിൽ നടന്ന ചടങ്ങിൽ



വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.പി. പ്രശാന്ത് ഉദ്ഘാടനം നിർവ്വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.യു. വിജയൻ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർമാരായ നികിത അനൂപ്, മനീഷ മനീഷ്, ഹരിത കർമസേന അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിൽ അസിസ്റ്റന്റ് സെക്രട്ടറി പി.ബി. ജോഷി സ്വാഗതവും നിറവ് കോർഡിനേറ്റർ സ്മൈലീന നന്ദിയും പറഞ്ഞു.

# ആമ്പല്ലൂരിൽ യൂസർ ഫീ യും അജൈവ മാലിന്യ ശേഖരണവും 100%




എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യ ശേഖരണവും യൂസർഫീ കളക്ഷനും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് ക്യൂ ആർ കോഡ് പതിക്കലും 100% പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം മാർച്ച് 1 ന് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്ജ് നിർവഹിച്ചു. ഗ്രാമപഞ്ചായത്തിൽ ചേർന്ന സദസ്സിലാണ് പ്രഖ്യാപനം നടത്തിയത്. ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിജു തോമസ് അധ്യക്ഷത വഹിച്ചു. 2024 ഫെബ്രുവരി മാസത്തിൽ 16 വാർഡുകളിലും 100% വാതിൽപടി ശേഖരണവും യൂസർ ഫീ കളക്ഷനും നടത്തി.

എല്ലാ സേവനങ്ങളും ഹരിതമിത്രം ആപ്ലിക്കേഷനിലൂടെ പൂർത്തീകരിച്ചു. 32 ഹരിത കർമസേന അംഗങ്ങളാണ് പഞ്ചായത്തിലുള്ളത്. മുഴുവൻ വീടുകളിലും ക്യൂ.ആർ. കോഡ് പതിച്ച് പഞ്ചായത്തിന്റെ മാലിന്യ സംസ്കരണത്തിൽ ഡിജിറ്റൽ സേവനം ലഭ്യമാക്കിയാണ് മാലിന്യമുക്തം നവകേരളം കാമ്പയിനിന്റെ മൂന്നാംഘട്ടത്തിൽ ജില്ലയിൽ ആമ്പല്ലൂർ പഞ്ചായത്ത് ഒന്നാമത് ആയത്. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ നിഫി എസ്. ഹക്ക് എന്നിവർ ഹരിത കർമസേനയ്ക്കുള്ള അനുമോദന പത്രം വിതരണം ചെയ്തു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ വീടുകൾക്കുള്ള ബയോബിന്നുകളും ജില്ലാ പഞ്ചായത്ത് അംഗം അനിത ടീച്ചർ ഘടക സ്ഥാപനങ്ങൾക്കുള്ള ബിന്നുകളും നൽകി.

# ഹരിതമികവിൽ കുറ്റ ഗവ. ജെ.ബി.എസ്.

എറണാകുളം വടവുകോട് ബ്ലോക്കിലെ ആദ്യത്തെ ഹരിത വിദ്യാലയമായി കുറ്റ ഗവൺമെന്റ് ജെ.ബി.എസ്. സ്കൂളിനെ പ്രഖ്യാപിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള ഹരിത



വിദ്യാലയം പദ്ധതിയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കൃഷി, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിനെ തുടർന്നാണ് പ്രഖ്യാപനം. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ പ്രഖ്യാപനവും അനുമോദനപത്ര വിതരണവും നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് അംഗം ബെന്നി പുത്തൻവീട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സ്കൂളിൽ അജൈവപാഴ്വസ്തുക്കൾ കൃത്യമായി ഹരിതകർമ സേനയ്ക്ക് കൈമാറുകയും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് ഉപയോഗിച്ചു വരികയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കളുടെ ഉപയോഗം കുറച്ചും, പ്ലാസ്റ്റിക് നിരോധനം നടപ്പാക്കിയുമാണ് ഹരിത വിദ്യാലയ പ്രവർത്തനങ്ങൾ മുൻപോട്ടു പോകുന്നത്.

# മറയൂർ, കാന്തല്ലൂർ പ്രദേശത്തെ കരിമ്പ് കൃഷിത്തോട്ടങ്ങളിൽ മണ്ണ് പരിശോധന കാമ്പയിൻ

കരിമ്പ് കൃഷി തോട്ടങ്ങളിലെ മണ്ണ് പരിശോധിക്കുന്നതിന് ഹരിതകേരളം മിഷന്റെയും സംസ്ഥാന മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പിന്റെയും നേതൃത്വത്തിൽ ഇടുക്കി മറയൂർ ഗ്രാമപഞ്ചായത്തുമായും മറയൂർ സർവീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ക്രമീകരണം ഒരുക്കി. ഇതിന്റെ ഭാഗമായി കർഷകർക്ക് മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള പരിശീലനം 2024 മാർച്ച് 4 ന് മറയൂർ സർവീസ് സഹകരണ ബാങ്ക് ഹാളിൽ സംഘടിപ്പിച്ചു. നാൽപ്പത് കർഷകർ പരിശീലനത്തിൽ പങ്കെടുത്തു. തുടർന്നുള്ള ദിവസങ്ങളിൽ ഹരിതകേരളം മിഷൻ ടീമംഗങ്ങൾ പരിശോധനയ്ക്ക് ആവശ്യമായ മണ്ണ് സാമ്പിളുകൾ മറയൂർ, കാന്തല്ലൂർ ഭാഗങ്ങളിലെ വിവിധ കൃഷിത്തോട്ടങ്ങളിൽ നിന്നും അൻപത് സാമ്പിളുകൾ ശേഖരിച്ച് സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലാബിൽ പരിശോധനയ്ക്ക് അയച്ചു.



## ഇരട്ടയാർ മോഡൽ തുമ്പൂർമുഴി യൂണിറ്റ് ഉദ്ഘാടനം

ഹരിതകേരളം മിഷൻ മാതൃക പദ്ധതി പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി നിർമ്മാണം പൂർത്തീകരിച്ച തുമ്പൂർമുഴി കമ്പോസ്റ്റിംഗ് യൂണിറ്റ്



ഉദ്ഘാടനം ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിഷാ ഷാജി നിർവഹിച്ചു, ചടങ്ങിൽ വൈസ് പ്രസിഡന്റ് സിനി മാത്യു അധ്യക്ഷത വഹിച്ചു,

ജൈവ മാലിന്യ സംസ്കരണത്തിലെ ശാസ്ത്രീയമായ വശങ്ങൾ പരിശോധിച്ചു ഹരിതകേരളം മിഷൻ സാങ്കേതിക വിദഗ്ധരുടെ മേൽനോട്ടത്തിലാണ് തുമ്പൂർമുഴി യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജൈവമാലിന്യങ്ങൾ ഹരിതകർമ സേന വഴി ശേഖരിച്ചു കമ്പോസ്റ്റ് ചെയ്തു വളം നിർമ്മിക്കും. ഇരട്ടയാർ, നത്തുകല്ല്, ശാന്തിഗ്രാം ടൗണുകളിലെ വ്യാപാര സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂസർഫീ നിരക്കിൽ ശേഖരിക്കുന്നത്.

സർക്കാർ ഉത്തരവ് പ്രകാരം ഇരട്ടയാർ ഹരിത കർമസേനയുടെ സംരംഭ യൂണിറ്റായിട്ടാണ് തുമ്പൂർമുഴി കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തിക്കാൻ തീരുമാനിച്ചിരിക്കുന്നത്, ഹരിതകേരളം മിഷൻ പരിശീലനത്തിലും മേൽനോട്ടത്തിലുമായിരിക്കും യൂണിറ്റ് പ്രവർത്തിക്കുന്നത്.

## കുടയത്തൂർ സ്കൂളിൽ ജലഗുണതാ ലാബ് പ്രവർത്തനമാരംഭിച്ചു

ഇടുക്കി കുടയത്തൂർ പരിസരത്തെ വീടുകളിലെ വെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിന് എൻ.എസ്.എസ്. വിദ്യാർഥികൾ കൈകോർത്തപ്പോൾ കുടയത്തൂർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ ഹരിതകേരളം ജലഗുണതാ പരിശോധനാ ലാബിലേയ്ക്ക് എത്തിച്ചത് 50 വീടുകളിലെ ജല സാമ്പിളുകൾ. ഹരിതകേരളം മിഷൻ ജലഗുണതാ ലാബിൽ നിന്നും നൽകിയ പ്രത്യേക ബോട്ടിലുകളിലാണ് സമീപത്തെ വീടുകളിൽ നിന്നും കുട്ടികൾ വെള്ളം ശേഖരിച്ചത്.




എൻ.എസ്.എസിന്റെ കോർഡിനേറ്റർ ഒ. വി.ഷൈനോജൻ, ഹരിതകേരളം ജലലാബിന്റെ ചുമതലയുള്ള രസതന്ത്രം അധ്യാപകൻ ആനന്ദ് എന്നിവർ പ്രിൻസിപ്പൽ ജിസ് പുന്നൂസിന്റെ പിന്തുണയോടെയാണ് ജലസാമ്പിൾ ശേഖരണ പദ്ധതി തയ്യാറാക്കിയത്.

ഹരിതകേരളം മിഷന്റെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കുടയത്തൂരിലടക്കം 35 പഞ്ചായത്തുകളിൽ ഹയർസെക്കന്ററി സ്കൂളുകളിൽ ജലഗുണതാ പരിശോധനാ ലാബുകൾ തുടങ്ങിയത്. ബന്ധപ്പെട്ട എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക ചെലവിട്ടാണ് ലാബുകൾ സ്ഥാപിച്ചത്. ഇവിടെ വെള്ളം പൊതുജനങ്ങൾക്ക് സൗജന്യമായി പരിശോധിക്കാം. വെള്ളത്തിന്റെ നിറം, ഗന്ധം, പി.എച്ച്. മൂല്യം, ലവണ സാന്നിധ്യം, ലയിച്ചു ചേർന്ന ഖരപദാർഥത്തിന്റെ അളവ്, നൈട്രേറ്റിന്റെ അളവ്, അമോണിയ, കോളിഫോം ബാക്ടീരിയയുടെ അളവ് എന്നിവയാണ് പരിശോധിക്കാനാവുക.

## പന്തളം എൻഎസ്എസ് കോളേജിൽ ഹരിത ക്യാമ്പസ് ഓറിയന്റേഷൻ ക്ലാസ്

ഹരിതകേരളം മിഷന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ഹരിത ക്യാമ്പസ് നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വിദ്യാർത്ഥികൾക്കായുള്ള പരിശീലനം എൻഎസ്എസ് കോളേജ് അങ്കണത്തിൽ നടന്നു. ഖരമാലിന്യ സംസ്കരണം സംബന്ധിച്ചും, ജില്ലയിൽ നടപ്പാക്കിവരുന്ന മറ്റു കാമ്പയിനുകളെ കുറിച്ചും നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി. അനിൽ കുമാർ വിദ്യാർത്ഥികളുമായി സംവദിച്ചു. കൃഷി, ജലസംരക്ഷണം,




മാലിന്യ സംസ്കരണം എന്നിവയെപ്പറ്റിയും ഹരിതകേരളം മിഷൻ പദ്ധതികളെക്കുറിച്ചും റിസോഴ്സ് പേഴ്സൺ സുധീഷ് കുമാർ അവബോധ ക്ലാസ് നടത്തി.

## നുണഞ്ഞിട്ടും തീരാത്ത വിസ്മയം

കാരശേരി ഗ്രാമപഞ്ചായത്ത് ഹരിതവിദ്യാലയമായ കുമാരനെല്ലൂർ എൽ.പി. സ്കൂളിലെ കുട്ടികൾ ശേഖരിച്ച മിഠായി കവറുകൾ ഹരിത കർമസേനക്ക് നൽകുന്ന ചടങ്ങിൽ നിന്നും ശേഖരിച്ച മിഠായി കവറുമായി പ്രീ പ്രൈമറി ക്ലാസ്സിലെ കുട്ടികൾ ആയ ആയിഷ നൂഹയും അയനയും



# കരിമ്പുകൃഷിക്ക് സൂക്ഷ്മ ജലസേചനം : സാധ്യതാ പഠനം



മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിൽ സൂക്ഷ്മ ജലസേചനം വഴി കരിമ്പ് കൃഷി ചെയ്യാനുള്ള സാധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം സ്ഥലപരിശോധന നടത്തി. ജലസേചന വകുപ്പ്, കെ.ഐ.ഐ.ഡി.സി., ഹരിതകേരളം മിഷൻ എന്നിവയിലെ സംസ്ഥാനതല ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരാണ് സംഘത്തിലുണ്ടായിരുന്നത്. മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ സുസ്ഥിര കരിമ്പ് കൃഷി (SSI) സംരംഭവുമായി ബന്ധപ്പെട്ട് 2024 ജനുവരി 2 ന് മറയൂർ സർവീസ് സഹകരണ ബാങ്കിൽ വച്ച് നടത്തിയ കർഷകരുടെ യോഗത്തിൽ കരിമ്പ് കൃഷി ലാഭകരമാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ കർഷകരുടെ ഭാഗത്തു നിന്ന് ഉയർന്നുവന്നിരുന്നു. സൂക്ഷ്മ ജലസേചനം വഴി ജല ഉപയോഗം കുറച്ചും വളപ്രയോഗം കാര്യക്ഷമമാക്കിയും കൃഷി ലാഭകരമാക്കുക, സമയ ബന്ധിതമായും സൗജന്യമായും മണ്ണ് പരിശോധന നടത്തി ഫലം ലഭ്യമാക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ കർഷകർ ഉന്നയിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് SSI മാതൃകയിൽ കരിമ്പ് കൃഷി ചെയ്യുന്ന അഞ്ച് കർഷകരുടെ കൃഷിയിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സൂക്ഷ്മ ജലസേചന സംവിധാനം നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

# കാനാമ്പുഴയെ ശുചീകരിക്കാൻ വിദ്യാർത്ഥികളും

ഉദ്ഘാടനത്തിനൊരുങ്ങിയ കാനാമ്പുഴയിൽ നിറഞ്ഞ പ്ലാസ്റ്റിക്ക് കുപ്പി ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കാൻ വിദ്യാർത്ഥികളും യുവജനങ്ങളും രംഗത്തിറങ്ങി കണ്ണൂർ എസ്.എൻ. കോളേജിലെ എൻ.എസ്.എസ്. വിദ്യാർത്ഥികളും യുവജനക്ഷേമ ബോർഡിന്റെ വളണ്ടിയർമാരും നാട്ടുകാരും ചേർന്ന് ഹരിതകേരളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ ശുചീകരണം നടത്തിയത്. 2024 മാർച്ച് നാലിന് വൈകുന്നേരം മൂന്ന് മണി മുതലാണ് കാനാമ്പുഴ ശുചീകരണത്തിനായി വിദ്യാർത്ഥികളും യുവ ജനങ്ങളും ഹരിതകേരളം മിഷൻ ആർ.പിമാരും നാട്ടുകാരും ശുചീകരണത്തിനിറങ്ങിയത് - ഏതാണ്ട് നാലര കിലോമീറ്റർ ദൂരമാണ് ശുചീകരിച്ചത്. ഹരിതകേരളം ജില്ലാ മിഷൻ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, എസ്.എൻ. കോളേജ് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ കാനാമ്പുഴ പുനരുജ്ജീവന സമിതി അംഗം ജനാർദ്ദനൻ എന്നിവർ നേതൃത്വം നല്കി മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്ന് ആരംഭിച്ച് അറബിക്കടലിൽ അവസാനിക്കുന്ന കാനാമ്പുഴയെ വീണ്ടെടുക്കാൻ കഴിഞ്ഞ അഞ്ച് വർഷമായി നടപ്പിലാക്കിയ കർമപദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. പുഴയുടെ ഇരുകരകളിലെ പാടശേഖരങ്ങൾ നെൽകൃഷിക്കായി ഉപയോഗപ്പെടുത്തി തുടങ്ങിയിട്ടുണ്ട്.





Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in